## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6077 09/07/2013 ൽ മറുപടിക്ക്

### നല്ല സിനിമയെ പ്രോത്സാഹിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ.പാലോട് രവി
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.സണ്ണി ജോസഫ്

ഉത്തരം

ബഹുമാനപ്പെട്ട മുഖ്യമന്ത്രി
ശ്രീ.ഉമ്മൻ ചാണ്ടി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരെയും പുതിയ തലമുറയിലെ സിനിമാസംരംഭകരേയും പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | ചലച്ചിത്ര അക്കാഡമിയുടെ ആഭിമുഖ്യത്തിൽ, അന്താരാഷ്ട്ര ചലച്ചിത്രോത്സവം,സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ,നവാഗത സംവിധായകനുള്ള പുരസ്കാരം എന്നീ പദ്ധതികൾ നടത്തുന്നുണ്ട്.<br>ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ച നടപ്പിൽ വരുത്തിയ പാക്കേജ് പദ്ധതിപ്രകാരം 2 ലക്ഷം രൂപ അഡ്വാൻസ് നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിനാവശ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും സ്റ്റുഡിയോ സൗകര്യങ്ങളും (നെഗറ്റീവ് / പോസിറ്റീവ് ഇല്ലാതെ) 150 ദിവസം വരെയുള്ള കാലാവധിക്ക് ക്രഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്.മറ്റൊരു പദ്ധതിയായ ക്രെഡിറ്റ് കാർഡ് പദ്ധതിപ്രകാരം 2 ലക്ഷം രൂപ അഡ്വാൻസും 5 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റിയും നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിനാവശ്യമായ മുഴുവൻ സാങ്കേതിക സൗകര്യങ്ങളും നൽകുന്നതിനു പുറമേ നെഗറ്റീവ് ഫിലിം 90 ദിവസത്തേയ്ക്കും ക്രഡിറ്റായി നൽകുന്നുണ്ട്.ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിച്ച് നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 4 ലക്ഷം രൂപ സബ്സിഡി നൽകുന്നു.ഇതിനുപുറമേ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ അവാർഡുകൾ നേടുന്ന |

| | | | |
|---|---|---|---|
| | | | മലയാള ചിത്രങ്ങൾക്ക് സബ്സിഡി തുകകൾക്ക് പുറമേ 2 ലക്ഷം രൂപ സാമ്പത്തിക സഹായം കൂടി സർക്കാർ നൽകുന്നു.<br>വീഡിയോ ചിത്ര നിർമ്മാതാക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോയിൽ അത്യാധുനിക സംവിധാനങ്ങൾ എഡിറ്റിംഗിനും റിക്കോർഡിംഗിനും ഏർപ്പെടുത്തിക്കഴിഞ്ഞു. ചിത്രാഞ്ജലി റിക്കോർഡിംഗ് സ്റ്റുഡിയോയ്ക്ക് പുറമേ അത്യാധുനിക സാങ്കേതിക സൗകര്യങ്ങളോടുകൂടി കൊച്ചിയിൽ പുതുതായി ഒരു റിക്കോർഡിംഗ് സ്റ്റുഡിയോ പ്രവർത്തനമാരംഭിച്ചു. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാന ചലച്ചിത്ര അക്കാദമിയും ചലച്ചിത്ര വികസന കോർപ്പറേഷനും സഹകരിച്ചാണ് ഇവ നടപ്പിലാക്കുന്നത്. |
| (സി) | ഇവരുടെ ചിത്രങ്ങൾ തീയറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | (സി) | നല്ല ചിത്രങ്ങൾക്ക് നികുതിയിളവനുവദിക്കുക, ദേശീയ അന്തർദേശീയ ചലച്ചിത്ര മേളകളിലേക്ക് ശുപാർശ ചെയ്യുക തുടങ്ങിയ വിഷയങ്ങളിൽ ചലച്ചിത്ര അക്കാദമി സർക്കാരുമായി ചേർന്ന് നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നു. ചിത്രാഞ്ജലി പാക്കേജ് സ്കീമിൽ നിർമ്മിക്കുന്ന ചിത്രങ്ങൾ കെ.എസ്.എഫ്.ഡി.സി.യുടെ കീഴിലുള്ള തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 2013 ഡിസംബറിൽ തിരുവനന്തപുരത്ത് നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്കായുള്ള ഒരുക്കങ്ങൾ നടത്തിവരുന്നു. മേളയിലേക്ക് തെരഞ്ഞെടുക്കേണ്ട മലയാള ചിത്രങ്ങളുടെ എൻട്രികൾ ക്ഷണിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ